**മധുരമായ കുട്ടികളെ - ഇവിടെ നിങ്ങൾക്ക് സുഖ-ദുഃഖം, മാന-അപമാനം.... എല്ലാം സഹിക്കണം, പഴയ ലോകത്തിലെ സുഖങ്ങളിൽ നിന്നും ബുദ്ധിയെ അകറ്റണം, സ്വന്തം അഭിപ്രായമനുസരിച്ച് നടക്കരുത്.**

**ചോദ്യം:** ദേവതാ ജന്മത്തേക്കാളും വളരെ നല്ലതാണ് ഈ ജന്മം, എങ്ങനെ?
**ഉത്തരം:** ഈ ജന്മത്തിൽ നിങ്ങൾ കുട്ടികൾ ശിവബാബയുടെ ഭണ്ഡാരത്തിൽ നിന്നും കഴിക്കുന്നു. ഇവിടെ നിങ്ങൾ വളരെയധികം സമ്പാദ്യമുണ്ടാക്കുന്നു, നിങ്ങൾ ബാബയുടെ ശരണം സ്വീകരിച്ചു. ഈ ജന്മത്തിൽ തന്നെയാണ് നിങ്ങൾ തന്റെ ഇഹലോകം-പരലോകം രണ്ടിനേയും സുഖമയമാക്കുന്നത്. കുചേലനെപ്പോലെ രണ്ടു പിടി നല്കി 21 ജന്മങ്ങളിലേക്ക് രാജാധികാരം നേടുന്നു.

**ഗീതം** : അരികിലാണെങ്കിലും അകലെയാണെങ്കിലും ......

**ഓം ശാന്തി**. ഈ ഗീതത്തിന്റെ അർത്ഥം എത്ര നല്ലതാണ്. നാം ഈ ശരീരം കൊണ്ട് ബാബയുടെ അരികിലാവാം അല്ലെങ്കിൽ ദൂരെയാവാം എങ്ങനെ ആയാലും ബാബ വന്നിരുന്നാണ് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നത് കാരണം സന്മുഖത്താണ് യോഗം പഠിപ്പിച്ചു തരുന്നത്. പ്രേരണയിലൂടെ നൽകില്ലല്ലോ. ഞാൻ അരികിലുണ്ടെങ്കിലും ദൂരെയാണെങ്കിലും - എന്നെത്തന്നെയാണ് ഓർമ്മിക്കേണ്ടത്. ഭഗവാന്റെ അരികിലേക്ക് പോകുന്നതിനു വേണ്ടി ഭക്തി ചെയ്യുന്നു. ഹേ ജീവാത്മാക്കളേ, ഈ ശരീരത്തിൽ നിവസിക്കുന്ന ആത്മാക്കളേ, ആത്മാക്കളോട് പരംപിതാ പരമാത്മാവിരുന്ന് സംസാരിക്കുന്നു എന്ന് ബാബ മനസ്സിലാക്കി തരുന്നു. പരമാത്മാവിന് തീർച്ചയായും ആത്മാവിനെ കണ്ടുമുട്ടണം, ദുഃഖിതരായതുകൊണ്ടാണ് ജീവാത്മാക്കൾ ഭഗവാനെ ഓർമ്മിക്കുന്നത്. സത്യയുഗത്തിൽ ആരും ഓർമ്മിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഞങ്ങൾ വളരെ പഴയ ഭക്തരാണ്. എപ്പോഴാണോ മായ നമ്മളെ പിടിച്ചത്, അപ്പോൾ മുതൽ ഭഗവാനെ, ശിവനെ ഓർമ്മിക്കാൻ തുടങ്ങി. കാരണം ശിവബാബയാണ് നമ്മളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കിയിരുന്നത്, അതുകൊണ്ട് ശിവബാബയുടെ ഓർമ്മചിഹ്നമുണ്ടാക്കി ഭക്തി ചെയ്യുന്നു. ബാബ കൂട്ടിക്കൊണ്ടുപോകാനായി സന്മുഖത്തു വന്നിരിക്കുന്നു എന്നു നിങ്ങൾക്കറിയാം. കാരണം ഇപ്പോൾ ബാബയുടെ അടുത്തേക്ക് പോകണം. ഇവിടെ ഇരിക്കുന്നത്ര കാലം പഴയ ശരീരത്തെ പഴയ ലോകത്തെ ബുദ്ധി കൊണ്ടു മറക്കണം കൂടാതെ യോഗം ചെയ്യണം. എങ്കിൽ ഈ യോഗാഗ്നിയിലൂടെ പാപം ഭസ്മമാകും. ഇതിൽ പരിശ്രമമുണ്ടാകുന്നു. വളരെ വലിയ പദവിയാണ്. വിശ്വത്തിന്റെ അധികാരിയാകണം. വിശ്വത്തിന്റെ അധികാരി ശിവബാബയാണെന്ന് മനുഷ്യർ പറയുന്നു എന്നാൽ അല്ല, വിശ്വത്തിന്റെ അധികാരികളാകുന്നത് മനുഷ്യർ തന്നെയാണ്. ബാബയിരുന്ന് കുട്ടികളെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റുന്നു. പറയുന്നു നിങ്ങൾ തന്നെയായിരുന്നു വിശ്വത്തിന്റെ അധികാരികൾ, പിന്നെ 84 ജന്മങ്ങൾ എടുത്തെടുത്ത് ഇപ്പോൾ കക്കയുടെ പോലും അധികാരി അല്ലാതായി. ആദ്യത്തെ നമ്പരിലെ ജന്മത്തേയും ഇപ്പോഴത്തെ അന്തിമ ജന്മത്തേയും നോക്കൂ, എത്ര രാപകലിന്റെ വ്യത്യാസമാണ്. ബാബ വന്ന് സാക്ഷാത്കാരം ചെയ്യിക്കാത്തിടത്തോളം ആർക്കും തന്നെ ഓർമ്മയിൽ വരില്ല. ജ്ഞാനത്തിന്റെ സാക്ഷാത്കാരം ബുദ്ധിയിലൂടെ ഉണ്ടാകുന്നു. നല്ല കുട്ടികൾ നിത്യവും ബാബയെ ഓർമ്മിക്കുന്നു, അവർക്കു വളരെ ലഹരിയുണ്ടാകുന്നു. ഇവിടെ നിങ്ങൾ കേൾക്കുന്നതെല്ലാം പുതിയ കാര്യങ്ങളാണ്. മനുഷ്യർക്കൊന്നും അറിയില്ല. അവർ വെറുതെ പൊങ്ങച്ചം പറഞ്ഞുകൊണ്ടിരിക്കുന്നു. ഓരോ വാതിലുതോറും അലഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങളെ അലച്ചിലിൽ നിന്നും മോചിപ്പിക്കുന്നു. നിങ്ങൾ ആത്മാക്കളാണ്, അച്ഛനായ എന്നെ ഓർമ്മിച്ചുകൊണ്ടിരിക്കു എന്ന് ബാബ പറയുന്നു. നിങ്ങൾ ആത്മാക്കൾക്ക് ബാബയുടെ അരികിലേക്ക് പോകണം, ഈ സൃഷ്ടി നമുക്കുവേണ്ടിയുള്ളതേയല്ല എന്ന പോലെ, ഇങ്ങനെ ബുദ്ധിയിൽ വിചാരമുണ്ടാകണം. ഈ പഴയ സൃഷ്ടി ഇല്ലാതാകും. പിന്നെ നമ്മൾ സ്വർഗ്ഗത്തിൽ പോയി പുതിയ കൊട്ടാരങ്ങൾ ഉണ്ടാക്കും. രാവും പകലുമെല്ലാം ബുദ്ധിയിൽ ഈ വിചാരം ഉണ്ടാകണം. ബാബ തന്റെ അനുഭവങ്ങൾ കേൾപ്പിക്കുന്നു. രാത്രിയിൽ ഉറങ്ങുമ്പോൾ ഈ വിചാരങ്ങൾ ആണ് നടക്കുന്നത്. ഈ നാടകം ഇപ്പോൾ പൂർണ്ണമാകുന്നു, ഈ പഴയ വസ്ത്രം ഉപേക്ഷിക്കണം. ങാ, വികർമ്മങ്ങളുടെ ഭാരം വളരെയുണ്ട്. അതുകൊണ്ട് നിരന്തരം ബാബയെ ഓർമ്മിക്കണം. തന്റെ അവസ്ഥയെ ദർപ്പണത്തിൽ നോക്കൂ - നമ്മളുടെ ബുദ്ധി എല്ലാത്തിൽ നിന്നും വിട്ടോ? ജോലികളൊക്കെ ചെയ്തുകൊണ്ടും ബുദ്ധികൊണ്ട് ഈ കാര്യം ചെയ്യാൻ സാധിക്കും. ഈ ബാബയ്ക്കാണെങ്കിൽ എത്ര ഉത്തരവാദിത്വമാണ്. എത്ര കുട്ടികളാണ്. അവരെക്കുറിച്ച് ചിന്തിക്കേണ്ടി വരുന്നു. കുട്ടികൾക്ക് ശരണം നല്കുന്നു. വളരെയധികം പേരും ദുഃഖിതരല്ലേ! കലാപങ്ങളൊക്കെ ഉണ്ടാകുമ്പോൾ എത്രപേർ ദുഃഖിച്ചു മരിക്കുന്നു. ഈ സമയം വളരെ മോശമാണ്. അതുകൊണ്ട് കുട്ടികൾക്ക്

ശരണം നല്കുവാനായി ഈ കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ എല്ലാം ബാബയുടെ കുട്ടികളാണിരിക്കുന്നത്. ഒരു പേടിയും വേണ്ട കൂടാതെ പിന്നെ യോഗബലവുമുണ്ട്. ബാബ സാക്ഷാത്കാരം ചെയ്യിപ്പിച്ചിട്ടുണ്ട്. ബാബയെ നല്ല രീതിയിൽ ഓർമ്മിക്കുന്നവരെ ബാബ രക്ഷിക്കുകയും ചെയ്യുന്നു. ശത്രുവിനെ ഭയങ്കര രൂപം കാണിച്ച് ഓടിപ്പിക്കുന്നു. നിങ്ങൾ ഈ ശരീരം ഉള്ളിടത്തോളം യോഗം ചെയ്യണം. അല്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടി വരും. വലിയ ആൾക്കാരുടെ കുട്ടികൾ ശിക്ഷകൾ അനുഭവിക്കുമ്പോൾ അവരുടെ തല താഴ്ന്നു പോകുന്നു. നിങ്ങൾക്കും തല താഴ്ത്തേണ്ടി വരും. ബാബയുടെ കുട്ടികൾക്കാണെങ്കിൽ ഒന്നുകൂടി കടുത്ത ശിക്ഷ ലഭിക്കും. ചിലർ ഇങ്ങനെയും പറയുന്നു– ഇപ്പോൾ മായയുടെ സുഖമെടുക്കാം, എന്താണോ സംഭവിക്കാൻ പോകുന്നത് അത് അപ്പോൾ നോക്കാം. വളരെ പേർക്ക് ഈ പഴയ ലോകത്തിലെ സുഖം മധുരമായിതോന്നുന്നു. ഇവിടെയാണെങ്കിൽ സുഖം – ദുഃഖം, മാനം – അപമാനം.... എല്ലാം തന്നെ സഹിക്കേണ്ടി വരുന്നു. ഉയർന്ന പ്രാപ്തി ആഗ്രഹിക്കുന്നു എങ്കിൽ ഫോളോ ചെയ്യണം. അമ്മയുടെയും അച്ഛന്റെയും നിർദ്ദേശമനുസരിച്ച് നടക്കണം. സ്വന്തം മതം എന്നാൽ രാവണന്റെ മതം. എങ്കിൽ ഭാഗ്യത്തിനു കുറുകെ രേഖ വരയ്ക്കുകയാണ്. ബാബയോട് ചോദിച്ചാൽ ബാബ പെട്ടെന്നു പറയും – ഇത് ആസുരീയ മതമാണ്, ശ്രീമതമല്ല. ഓരോരോ ചുവടിലും ശ്രീമത്തനുസരിക്കണം. നോക്കണം ഞാൻ എന്തെങ്കിലും തലതിരിഞ്ഞ കർമ്മം ചെയ്ത് ബാബയെ നിന്ദിക്കുന്നില്ലല്ലോ? ദേവീ ദേവത ആകണമെങ്കിൽ അങ്ങനെയുള്ള ലക്ഷണം ഉണ്ടാകണം. അവിടെ സ്വതവേ ലക്ഷണം ഉണ്ടായിക്കോളും അങ്ങനെയല്ല. ഇവിടെ വളരെ മധുരമായ പെരുമാറ്റം ഉണ്ടാകണം. അഥവാ ശിവബാബയല്ല, ബ്രഹ്മാബാബയാണ് പറഞ്ഞത് എങ്കിലും ഉത്തരവാദിത്വം ശിവബാബയ്ക്കല്ലേ.! എന്തെങ്കിലും നഷ്ടമുണ്ടായാലും കുഴപ്പമില്ല. അതു ഡ്രാമയിൽ ഉള്ളതായിരുന്നു എങ്കിൽ നിങ്ങളുടെ മേൽ ദോഷം ഉണ്ടാവില്ല. അവസ്ഥ വളരെ നല്ലതായിരിക്കണം. നിങ്ങൾ ഇവിടെയിരുന്നാലും ഞങ്ങൾ ബ്രഹ്മാണ്ഡത്തിന്റെ അധികാരികളാണ്, അവിടെ വസിക്കുന്നവരാണ് എന്ന് ബുദ്ധിയിലുണ്ടായിരിക്കണം. ഇപ്രകാരം വീട്ടിലിരുന്നുകൊണ്ടും ജോലി ചെയ്തുകൊണ്ടും ഉപരാമമായിക്കൊണ്ടിരിക്കും. സന്യാസികൾ ഗൃഹസ്ഥത്തിൽ നിന്ന് ഉപരാമമാകുന്നതുപോലെ നിങ്ങൾ മുഴുവൻ പഴയ ലോകത്തിൽ നിന്നും ഉപരാമമാകുന്നു. ആ ഹഠയോഗസന്ന്യാസത്തിനും ഈ സന്ന്യാസത്തിനും രാപകലിന്റെ വ്യത്യാസമുണ്ട്. ഈ രാജയോഗം ബാബയാണ് പഠിപ്പിക്കുന്നത്. സന്യാസികൾക്ക് പഠിപ്പിക്കാൻ സാധിക്കില്ല. കാരണം മുക്തി–ജീവിതമുക്തി ദാതാവ് ഒന്ന് മാത്രമാണ്. ഇപ്പോൾ സർവ്വരുടെയും മുക്തി ഉണ്ടാവണം. കാരണം എല്ലാവർക്കും തിരിച്ചു മടങ്ങണം. സന്യാസികൾ തിരിച്ച് പോകുന്നതിനുവേണ്ടി സാധന ചെയ്യുന്നു. ഇവിടെ ദുഃഖിതരാണ്. ചിലർ പിന്നെ പറയുന്നു– നമ്മൾ ജ്യോതിയിൽ പോയി ലയിച്ചുചേരും. അനേക അഭിപ്രായങ്ങളാണ്.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്, ചില കുട്ടികൾക്ക് പഴയ സംബന്ധികളുടെ ഓർമ്മ വരുന്നുണ്ട് ,ആ ലോകത്തിലെ സുഖങ്ങളുടെ ആശയുണ്ടായി എങ്കിൽ ഇവിടുന്ന് മരിച്ചു . പിന്നെ അവരുടെ പാദം ഇവിടെ ഇരിക്കുകയില്ല. മായ വളരെയധികം അത്യാഗ്രഹം ഉണ്ടാക്കുന്നു. ഒരു കഥയുണ്ട്. “ഭഗവാനെ ഓർമ്മിക്കു, അല്ലെങ്കിൽ പരുന്ത് വരും.” ഈ മായയും പരുന്തിനെപ്പോലെ യുദ്ധം ചെയ്യുന്നു. ഇപ്പോൾ ബാബ വന്നിരിക്കുമ്പോൾ പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടിയില്ലെങ്കിൽ കല്പ കല്പാന്തരം നേടാൻ സാധിക്കില്ല. ഇവിടെ ബാബയുടെ അടുത്തിരിക്കുമ്പോൾ നിങ്ങൾക്ക് ഒരു ദുഃഖവുമില്ല അപ്പോൾ പഴയ ദുഃഖത്തിന്റെ ലോകത്തെ മറക്കണ്ടേ. മുഴുവൻ ദിവസത്തെ കണക്കുകൾ നോക്കണം. എത്ര സമയം ബാബയെ ഓർമ്മിച്ചു? എത്ര പേർക്ക് ജീവദാനം നല്കി? ബാബ നിങ്ങൾക്ക് ജീവദാനം നല്കിയില്ലേ. സത്യ ത്രേതാ യുഗം വരെ നിങ്ങൾ അമരന്മാരായിരിക്കും. ഇവിടെ ആരെങ്കിലും മരിച്ചാൽ എത്ര കരയുന്നു, ദുഃഖിക്കുന്നു. സ്വർഗ്ഗത്തിൽ ദുഃഖത്തിന്റെ പേരു പോലും കാണില്ല. പഴയ തോലുകളഞ്ഞ് പുതിയതെടുക്കുന്നു എന്ന് അവർക്കവിടെ അറിയാം. ഈ ഉദാഹരണവും നിങ്ങളുമായി താരതമ്യം ചെയ്യാം എന്നാൽ മറ്റാർക്കും ഈ ഉദാഹരണം ചേരുന്നില്ല. അവർ പഴയ തോലിനെ മറക്കുന്നില്ല. അവർ പൈസ കൂട്ടിവെച്ചുകൊണ്ടിരിക്കുന്നു. ഇവിടെ നിങ്ങൾ ബാബയ്ക്ക് കൊടുക്കുമ്പോൾ ബാബ തന്നെയിരുന്ന് കഴിക്കുകയോ, തന്റെ കൈവശം വെയ്ക്കുകയോ ചെയ്യുന്നില്ല. അതിലൂടെ കുട്ടികളുടെ തന്നെ പാലന നടത്തുന്നു. അതുകൊണ്ട് ഇത് സത്യം സത്യമായ ശിവബാബയുടെ ഭണ്ഡാരയാണ്. ഈ ഭണ്ഡാരയിൽനിന്ന് കഴിക്കുന്നതിലൂടെ ഇവിടെയും നിങ്ങൾ സുഖികളാവുന്നു, ഒപ്പം ജന്മജന്മാന്തരം സുഖമനുഭവിക്കുന്നവരാകുന്നു.

നിങ്ങളുടെ ഈ ജന്മം വളരെ ദുർലഭമാണ്. ദേവതകളുടെ ജന്മത്തേക്കാളും നിങ്ങളിവിടെ സുഖമനുഭവിക്കുന്നവരാണ് കാരണം ബാബയുടെ ശരണത്തിലാണ്. ഇവിടെയാണ് നിങ്ങൾ അളവറ്റ സമ്പാദ്യം ഉണ്ടാക്കുന്നത്. അത് പിന്നീട് ജന്മജന്മാന്തരം അനുഭവിക്കും. കുചേലന് രണ്ടു പിടിക്ക് പകരം 21 ജന്മങ്ങളിലേക്ക് കൊട്ടാരം ലഭിച്ചു. ഈ ലോകവും സുഖം നല്കുന്നതാണ്, പരലോകവും സുഖം നല്കുന്നതാകുന്നു, ജന്മ

ജന്മാന്തരങ്ങളിലേക്ക്, അതുകൊണ്ട് ഈ ജന്മം വളരെ നല്ലതാണ്. പെട്ടെന്ന് വിനാശം വന്നാൽ സ്വർഗ്ഗത്തിലേക്ക് പോകാം എന്ന് ചിലർ പറയുന്നു. എന്നാൽ ഇപ്പോൾ വളരെ ഖജനാവ് ബാബയിൽ നിന്നും എടുക്കണം. ഇപ്പോൾ രാജധാനി എവിടെ തയ്യാറായി. പിന്നെങ്ങനെ പെട്ടെന്ന് വിനാശം വരും. കുട്ടികൾ ഇപ്പോൾ എവിടെ യോഗ്യതയുള്ളവരായി! ഇപ്പോൾ ബാബ പഠിപ്പിക്കുന്നതിനു വേണ്ടി വന്നുകൊണ്ടിരിക്കുന്നു. ബാബയുടെ സേവനം അപരമപാരമാണ്. ബാബയുടെ മഹിമയും അപരമപാരമാണ്. എത്രയോ ഉയർന്നവനാണ്, സേവയും അത്ര ഉയർന്നതു ചെയ്യുന്നു. അതുകൊണ്ടാണ് എന്റെ ഓർമ്മ ചിഹ്നമുള്ളത്. ഏറ്റവും ഉയർന്ന ബാബയുടെ സിംഹാസനം(ബ്രഹ്മാബാബ) എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നു, തന്റെ ഭാഗ്യം ഉണ്ടാക്കുന്നു. ഇത് അവിനാശി ജ്ഞാന രത്നങ്ങളുടെ സമ്പാദ്യമാണ്. അതവിടെ അളവറ്റ ധനമായിത്തീരുന്നു. അപ്പോൾ കുട്ടികൾക്ക് വളരെ നല്ല പുരുഷാർത്ഥം ചെയ്യണം. ബാബയെ ഇവിടെയും ഓർമ്മിക്കൂ അതുപോലെതന്നെ അവിടെയും ഓർമ്മിക്കൂ. ഏണിപ്പടി ഉണ്ടല്ലോ. മനസ്സാകുന്ന ദർപ്പണത്തിൽ നോക്കണം, എത്രത്തോളം ബാബയുടെ സൽപുത്രനാണ്. അന്ധന്മാർക്ക് വഴി പറഞ്ഞുകൊടുക്കുന്നുണ്ടോ. തന്നോടുതന്നെ സംസാരിക്കുമ്പോൾ സന്തോഷമുണ്ടാകുന്നു. ബാബ തന്റെ അനുഭവം പറയാറുണ്ട്, ഉറങ്ങുമ്പോഴും സംസാരിക്കുന്നു-ബാബാ അങ്ങയുടെ അതിശയമാണ്, ഭക്തിമാർഗ്ഗത്തിൽ ഞങ്ങൾ പിന്നെ അങ്ങയെ മറന്നു പോകും. ഇത്രയും ആസ്തി അങ്ങയിൽ നിന്നും നേടുന്നു പിന്നെ സത്യയുഗത്തിൽ ഇത് മറന്നുപോകും. പിന്നെ ഭക്തിമാർഗ്ഗത്തിൽ അങ്ങയുടെ ഓർമ്മചിഹ്നം ഉണ്ടാക്കും. എന്നാൽ അങ്ങയുടെ കർത്തവ്യത്തെക്കുറിച്ച് പൂർണ്ണമായും മറന്നുപോകും. ബുദ്ധൂസ് പോലെയാകുന്നു, അജ്ഞാനിയാകുന്നു. ഇപ്പോൾ ബാബ എത്രത്തോളം ജ്ഞാനിയാക്കി. രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. ഈശ്വരൻ സർവ്വവ്യാപിയാണ് എന്നത് ജ്ഞാനമൊന്നുമല്ല. സൃഷ്ടിചക്രത്തെക്കുറിച്ചുള്ളതാണ് ജ്ഞാനം. ഇപ്പോൾ നാം 84 ന്റെ ചക്രം പൂർത്തീകരിച്ച് തിരിച്ച് മടങ്ങുന്നു. പിന്നെ നമ്മൾക്ക് ജീവിതമുക്തിയിലേക്ക് വരണം. ഡ്രാമയിൽ നിന്ന് പുറത്ത് പോകാൻ സാധിക്കില്ല. നമ്മൾ തന്നെയാണ് ജീവിതമുക്തിയുടെ വഴികാട്ടികൾ. ശരി!

മധുരമധുരമായ വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**രാത്രിക്ലാസ്സ്- 16-12-68**

ചിലരെ ബാബ മകളേ എന്നുവിളിക്കുന്നു, ചിലരെ അമ്മമാരെന്നു വിളിക്കുന്നു; തീർച്ചയായും എന്തെങ്കിലും വ്യത്യാസമുണ്ടായിരിക്കുമല്ലോ. ചിലരുടെ സേവനത്തിലൂടെ സുഗന്ധം വരുന്നു, ചിലർ എരിക്കിൻ പൂവുപോലെയാണ്. നിങ്ങൾ എന്നോടൊപ്പം വന്നതുപോലെയാണ് എന്ന് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. വിശ്വത്തെ പാവനമാക്കാൻ വേണ്ടി മുകളിൽ നിന്നു ബാബയും വന്നിരിക്കുന്നു. ഇതു നിങ്ങളുടെയും കർത്തവ്യമാണ്. മുകളിൽനിന്ന് ആദ്യം വരുന്നവരാണ് പവിത്രമായവർ. പുതിയതായി വരുന്നവർ തീർച്ചയായും സുഗന്ധം നല്കിയിരിക്കും. പൂന്തോട്ടവുമായി താരതമ്യം ചെയ്യുന്നു. എങ്ങനെയുള്ള സേവ ചെയ്യുന്നു അതിനനുസരിച്ച് സുഗന്ധമുള്ള പുഷ്പമായിരിക്കും. ശിവബാബയുടെ കുട്ടി എന്നു പറഞ്ഞു. ഒപ്പം തന്നെ അവകാശിയായി എന്നു വിവേകം പറയുന്നു. എങ്കിൽ ആ സുഗന്ധം വരണം. അവകാശിയാണ്, അതുകൊണ്ടാണ് എല്ലാവരോടും നമസ്തേ പറയുന്നത്. നിങ്ങൾ നിസ്സംശയം വിശ്വത്തിന്റെ അധികാരികളായിരിക്കുന്നു, എന്നാൽ പഠിത്തത്തിൽ വളരെയധികം വ്യത്യാസം ഉണ്ടാകുന്നു. ഇത് തീർച്ചയായും സംഭവിക്കും. ഇത് ബാബയാണ് എന്ന് കുട്ടികൾക്ക് നിശ്ചയമുണ്ട്, ഒപ്പം ചക്രവും ബുദ്ധിയിലുണ്ട്. അതുകൊണ്ട് ബാബ പറയുന്നു, കൂടുതലെന്തു പറയാനാണ്. ബാബയെ കൂടാതെ ആർക്കും തന്നെ സ്വദർശന ചക്രധാരിയാക്കാൻ സാധിക്കില്ല. സൂചനയിലൂടെയാകുന്നു. കല്പം മുമ്പ് ആയവർ തന്നെ ആകുന്നു. വളരെയധികം കുട്ടികൾ വരുന്നു. പവിത്രതയുടെ മേൽ എത്ര അത്യാചാരമുണ്ടാകുന്നു! ആരിലൂടെയാണോ ബാബ ഗീത കേൾപ്പിക്കുന്നത് അദ്ദേഹത്തെ എത്ര നിന്ദിക്കുന്നു. ശിവബാബയെ നിന്ദിക്കുന്നു. മത്സ്യം, കൂർമ്മാവതാരം എന്നു പറയുന്നത് നിന്ദയല്ലേ! അറിയാത്തതുകാരണം ബാബയുടെ മേലും നിങ്ങളുടെ മേലും എത്ര കളങ്കം ചാർത്തി! കുട്ടികൾ എത്ര തല പുകയ്ക്കുന്നു. പഠിത്തത്തിലൂടെ ചിലർ വളരെ ധനികരാകുന്നു, എത്ര സമ്പാദിക്കുന്നു! ഓരോരോ ഓപ്പറേഷനും 2000, 4000 ലഭിക്കുന്നു. ചിലർക്ക് കുടുംബത്തെ പോലും പാലിക്കാൻ സാധിക്കുന്നില്ല. വിഷമിക്കുമല്ലോ? ചിലർ ജന്മജന്മാന്തരത്തിൽ ചക്രവർത്തി പദവി നേടുന്നു. ചിലർ ജന്മജന്മാന്തരങ്ങളിലേക്ക് ദരിദ്രരാകുന്നു. ബാബ പറയുന്നു. നിങ്ങളെ വിവേകശാലികളാക്കുന്നു. ഇപ്പോൾ നിങ്ങൾ എല്ലാ കാര്യത്തിലും ഡ്രാമ എന്നു പറയും. എല്ലാവരുടേയും പാർട്ടാണ്. എന്താണോ കഴിഞ്ഞു പോയത് അത് ഡ്രാമ. ഇപ്പോൾ സംഭവിക്കുന്നതും ഡ്രാമയിലുള്ളതാണ്. ഡ്രാമ അനുസരിച്ച് എന്തൊക്കെയാണോ സംഭവിക്കുന്നത്, അത് ശരിയാണ്. നിങ്ങളെത്ര തന്നെ മനസ്സിലാക്കി

കൊടുത്താലും മനസ്സിലാക്കുന്നേയില്ല. ഇവിടെ പെരുമാറ്റം നല്ലതായിരിക്കണം. തന്റെ ഉള്ളിൽ ഓരോരുത്തരും നോക്കൂ. ഒരു കുറവുകളുമില്ലല്ലോ? മായ വളരെ ശക്തിശാലിയാണ്. അതിനെ എങ്ങിനെയെങ്കിലും ഇല്ലാതാക്കണം. എല്ലാ കുറവുകളും ഇല്ലാതാക്കണം. ബന്ധനത്തിൽ കിടക്കുന്നവരാണ് എല്ലാവരേക്കാളും കൂടുതൽ ഓർമ്മിക്കുന്നത് എന്ന് ബാബ പറയുന്നു. അവർക്ക് നല്ല പദവി ലഭിക്കുന്നു. എത്രയും കൂടുതൽ അടികൊള്ളുന്നുവോ അത്രയും കൂടുതൽ ഓർമ്മയിലിരിക്കുന്നു. അയ്യോ, ശിവബാബാ എന്നു വിളിക്കും. ജ്ഞാനത്തിലൂടെ ശിവബാബയെ ഓർമ്മിക്കുന്നു. അവരുടെ ചാർട്ട് നല്ലതാണ്. ഇങ്ങനെ അടികൊള്ളുന്നവർ സേവനവും നല്ല രീതിയിൽ ചെയ്യുന്നു. തന്റെ ജീവിതത്തെ ശ്രേഷ്ഠമാക്കുവാനായി നല്ല സേവനം ചെയ്യുന്നു. സേവനം ചെയ്യുന്നില്ലായെങ്കിൽ മനസ്സിൽ കുത്തലുണ്ടാകുന്നു. സേവനത്തിനായി പോകണമെന്ന് ഹൃദയം തുടിക്കുന്നു. സെന്റർ വിട്ട് പോകേണ്ടി വരുന്നു. എന്നാൽ പ്രദർശിനിയിൽ സേവനം വളരെയുണ്ടെങ്കിൽ സെന്റർ നോക്കാതെയാണെങ്കിലും ഓടണം. എത്ര നമ്മൾ ദാനം ചെയ്യുന്നുവോ അത്രയും ബലം നിറഞ്ഞുകൊണ്ടിരിക്കും. ദാനം തീർച്ചയായും ചെയ്യണ്ടേ. ഇത് അവിനാശിയായ ജ്ഞാനരത്നമാണ്. ആരുടെ പക്കലുണ്ടോ അവർ ദാനം ചെയ്യും. കുട്ടികൾക്കിപ്പോൾ മുഴുവൻ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ഓർമ്മയിലേക്കു വരണം. മുഴുവൻ ചക്രവും കറങ്ങണം. ബാബയും ഈ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയുന്നവനാണ്. തീർച്ചയായും ജ്ഞാനത്തിന്റെ സാഗരമാണ്. സൃഷ്ടി ചക്രത്തെ അറിയുന്നവനാണ്. ഇതു ലോകത്തിലുള്ളവർക്ക് പൂർണ്ണമായും പുതിയ ജ്ഞാനമാണ്, അതൊരിക്കലും പഴയതാകുന്നില്ല. അതിശയകരമായ ജ്ഞാനമല്ലേ, അത് ബാബയാണ് പറഞ്ഞു തരുന്നത്. ആര് എത്രതന്നെ വലിയ സന്യാസിയോ മഹാത്മാവോ ആണെങ്കിലും പടികൾ കയറി മുകളേക്ക് പോകുന്നില്ല. ബാബയ്ക്കല്ലാതെ മനുഷ്യർക്ക് ഗതി, സത്ഗതി നൽകാൻ സാധിക്കില്ല. മനുഷ്യർക്കോ ദേവതകൾക്കോ നൽകാൻ സാധിക്കില്ല. കേവലം ഒരേ ഒരു ബാബയ്ക്കേ നൽകുവാൻ സാധിക്കൂ. ദിനം പ്രതി ദിനം വൃദ്ധിയുണ്ടാകും. ബാബ പറഞ്ഞിരുന്നു, പ്രഭാതഭേരി ചെയ്യുമ്പോൾ ഈ ലക്ഷ്മീ-നാരായണന്റെ ചിത്രം, ഏണിപ്പടിയുടെ ട്രാൻസ്‌ലൈറ്റ് ചിത്രം ഉണ്ടാകണം. വൈദ്യുതി ലൈറ്റുകൾ ഉണ്ടായിരിക്കണം, അതിന്റെ തിളക്കം വന്നുകൊണ്ടിരിക്കണം. സ്ലോഗനും പറഞ്ഞുകൊണ്ടിരിക്കൂ. സന്യാസിമാർക്കൊരിക്കലും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. രാജയോഗം പരമപിതാ പരമാത്മാവാണ് ഭാഗീരഥത്തിലൂടെ പഠിപ്പിക്കുന്നത്, ഇങ്ങനെ ഇങ്ങനെയുള്ള വാക്കുകൾ വളരെപേർ കേൾക്കും. മധുരമധുരമായ കുട്ടികൾക്ക് ഗുഡ്നൈറ്റ്.

### ധാരണയ്ക്കുള്ള മുഖ്യസാരം:-

1. ഈ നാടകം ഇപ്പോൾ പൂർണ്ണമാകാൻ പോകുന്നു. അതുകൊണ്ട് ഈ പഴയ ലോകത്തിൽ നിന്നും ഉപരാമമായിരിക്കണം. ശ്രീമത്തനുസരിച്ച് തന്റെ ഭാഗ്യം ഉയർന്നതാക്കണം. ഒരിക്കലും ഒരു തലതിരിഞ്ഞ കർമ്മങ്ങളും ചെയ്യരുത്.

2. അവിനാശി ജ്ഞാന രത്നങ്ങളുടെ സമ്പാദ്യം ചെയ്യണം, ചെയ്യിപ്പിക്കണം. ഒരേയൊരു ബാബയുടെ ഓർമ്മയിലിരുന്ന് സൽപുത്രരായ കുട്ടികളായി അനേകർക്ക് വഴി പറഞ്ഞു കൊടുക്കണം.

## വരദാനം:- ത്യാഗത്തിന്റെയും തപസ്യയുടെയും അന്തരീക്ഷത്തിലൂടെ വിഘ്നവിനാശകരാകുന്ന സത്യ സേവാധാരിയായി ഭവിക്കട്ടെ

ബാബയുടെ ഏറ്റവും വലുതിലും വലിയ ടൈറ്റിലാണ് ലോകസേവകൻ എന്നപോലെ കുട്ടികളും ലോകസേവകർ അതായത് സേവാധാരിയാണ്. സേവാധാരി അർഥം ത്യാഗിയും തപസ്വിയും. എവിടെ ത്യാഗവും തപസ്യയുമുണ്ടോ അവിടെ ഭാഗ്യം അവർക്കു മുന്നിൽ ദാസിയെപ്പോലെ വരിക തന്നെ ചെയ്യും. സേവാധാരി നൽകുന്നവരാകുന്നു, എടുക്കുന്നവരല്ല. അതിനാൽ സദാ നിർവിഘ്നമായിരിക്കുന്നു. അപ്പോൾ സേവാധാരിയെന്നു മനസിലാക്കി ത്യാഗത്തിന്റെയും തപസ്യയുടെയും അന്തരീക്ഷമുണ്ടാക്കുന്നതിലൂടെ സദാ വിഘ്നവിനാശകരായി കഴിയും.

## സ്ലോഗൻ:- ഏതു സാഹചര്യത്തെയും നേരിടുന്നതിനുള്ള സാധനമാണ് സ്വസ്ഥിതിയുടെ ശക്തി